LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടവടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 ഒക്ടോബർ 20, തിങ്കൾ

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

നിയമസഭ 1986 ഒക്ടോബർ 20-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്നചോദ്യോത്തരങ്ങൾ

മൽസ്യത്തൊഴിലാളികൾക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതി

* 1. [1] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, സി. ടി. അഹമ്മദലി :
,, എം. പി. എം. ഇസ്മായിൽ കുരിക്കൾ :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രാബല്യത്തിൽ വന്നത് എന്നു മുതലാണ് ;

(ബി) എത്ര തൊഴിലാളികളെ ഈ പദ്ധതിയിൽ ഇതിനകം അംഗങ്ങളായി ചേർത്തിട്ടുണ്ട് ;

(സി) മൽസ്യ വിതരണ തൊഴിലാളികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) 1986 സെപ്തംബർ 10-ാം തീയതി മുതലാണ് പ്രാബല്യത്തിൽ വന്നത്.

(ബി) മൽസ്യത്തൊഴിലാളികളെ ഈ പദ്ധതിയിൽ അംഗങ്ങളായി ചേർക്കേണ്ട കാര്യമില്ല. 10 വയസ്സിനും 65 വയസ്സിനുമിടയ്ക്ക് പ്രായമുള്ള കേരളത്തിലെ എല്ലാ മൽസ്യത്തൊഴിലാളികൾക്കും ഈ പദ്ധതിയുടെ ആനുകൂല്യത്തിനർഹതയുണ്ട്.

(സി) മൽസ്യം വാങ്ങി വില്പന നടത്തുന്നവർ ഈ പദ്ധതിയിൽ ഉൾപ്പെടുന്നില്ല. എന്നാൽ മൽസ്യത്തൊഴിലാളി കുടുംബങ്ങളായ മൽസ്യ വിതരണ തൊഴിലാളികളും ഈ പദ്ധതിയുടെ ആനുകൂല്യത്തിനർഹരാണ്.

(ഡി) താഴെ പറയുന്നവയാണ് ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ :

1. അപകടംമൂലം മരണം സംഭവിക്കുന്ന മൽസ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 15,000 രൂപ.
2. മൽസ്യബന്ധന വേളയിൽ കാണാതാകുന്നവരെ മരിച്ചുപോയവരായി കണക്കാക്കി അവരുടെ ആശ്രിതർക്ക് 15,000 രൂപ.
3. ഏതെങ്കിലും വിധത്തിൽ അപകടത്തിനിരയായി സ്ഥിരമായി തൊഴിൽ ചെയ്യാനുള്ള ശേഷി നഷ്ടപ്പെടുന്നവർക്ക് 15,000 രൂപ.
4. ഏതെങ്കിലും വിധത്തിൽ അപകടത്തിനിരയായി തൊഴിൽ ചെയ്യാനുള്ള ശേഷി ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് 7,500 രൂപ.

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : ഒരു കൊല്ലം പ്രീമിയമായി എത്ര രൂപയാണ് ഗവൺമെൻറ്, ഈ ഇനത്തിൽ ഇൻഷ്വറൻസ് കമ്പനിക്ക് അടയ്ക്കേണ്ടത് ?

ശ്രീ. കെ. കരുണാകരൻ : ഒരുലക്ഷത്തി ഇരുപത്തിയാറായിരം തൊഴിലാളികളെ ബാധിക്കുമെന്നുള്ള നിലയിൽ നല്ല രൂപ കണക്കാക്കി ഏഴുലക്ഷത്തി ഇരുപത്തിആയ്യായിരത്തിഇരുനൂറ്റി രണ്ട് രൂപയാണ് കൊടുക്കേണ്ടത്.

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : ഈ ആനുകൂല്യം പുഴയിൽ മത്സ്യത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും ലഭിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : പരമ്പരാഗതമായി മത്സ്യത്തൊഴിലാളികളായിട്ടുള്ള കുടുംബങ്ങളിലെ ആളുകൾക്കാണ്—അവർ മത്സ്യവ്യാപാരം നടത്തുന്നവരാണെങ്കിൽ—കിട്ടുന്നത്. ഇപ്പോൾ കടലോരമത്സ്യത്തൊഴിലാളികൾക്കാണ് അത് ബാധകമാക്കിയിട്ടുള്ളത്. ഇൻലാൻഡ് ഫിഷർമെനും ഇതിൽ ഉൾപ്പെടും.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഈ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് കടലിൽവച്ച് മരിച്ചാൽ മറെറാന്നും നോക്കാതെ നഷ്ടപരിഹാരം കൊടുക്കാനുള്ള ഒരു സംവിധാനമുണ്ടായിരുന്നു. എന്നാൽ ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഇൻഷ്വറൻസിൻെറ സാധാരണ കോംപ്ലിക്കേഷൻസ് മൂലം ഈ നിയമംകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നു എന്നു പറയുന്നത് ശരിയാണോ ?

ശ്രീ. കെ. കരുണാകരൻ : ഇൻഷ്വറൻസിൻെറ സാധാരണ നടപടികളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടി ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ റിപ്പോർട്ട് ചെയ്താൽ ഇൻഷ്വറൻസ് കമ്പനി അത് അക്സെപ്റ് ചെയ്യണമെന്ന വ്യവസ്ഥ ഉണ്ട്. ഇപ്പോൾ നമ്മൾ ഉണ്ടാക്കിയിട്ടുള്ള കരാർ അനുസരിച്ച് ഏതെങ്കിലും സംഗതിവശാൽ ഇൻഷ്വറൻസ് കമ്പനിക്കാർ പണം കൊടുക്കാൻ വൈകുന്നുവെങ്കിൽ വെൽഫെയർ സൊസൈറ്റി കൊടുത്തിട്ട് പിന്നീട് അത് ഈടാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഈ നിയമം പ്രാബല്യത്തിൽ വന്നിട്ട് കുറച്ചു കാലമേ ആയുള്ളൂ. ഇതിനകം എത്ര കേസ്സുകൾ വന്നു ? എത്ര യെണ്ണത്തിന് ക്ലെയിം കൊടുത്തു ? ഈ നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷമുള്ള വിതരണത്തെക്കുറിച്ച് പറയാമോ ?

ശ്രീ. കെ. കരുണാകരൻ : 10-ാം തീയതിക്കുശേഷമുള്ള കണക്ക് എത്ര യാണെന്നറിയില്ല.

ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : ഇവിടെ ഏഴുലക്ഷത്തി ഇരുപത്തിഅയ്യായിരത്തിൽ ചിലപ്പോൾ രൂപ ഇതിനുവേണ്ടി പ്രീമിയമായി അടയ്ക്കുന്നുണ്ടെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. പ്രീമിയം സ്ഥിരമായി അടയ്ക്കുവാൻ നമ്മുടെ സർക്കാർ വല്ല സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടോ ? ഈ പ്രീമിയം കാലാകാലങ്ങളിൽ അടയ്ക്കാൻ വല്ല നടപടികളും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ ? അതോ ഒരു വർഷത്തേക്ക് മാത്രമാണോ സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. കെ. കരുണാകരൻ : പ്രീമിയം കാലാകാലങ്ങളിൽ അടയ്ക്കും. ഈ സംഖ്യ കേരളാ ഗവൺമെൻറ് കൊടുക്കുന്ന സംഖ്യയ്ക്ക് പുറമേ—കേന്ദ്രഗവൺമെൻറിന്റെ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെൻറിൽ നിന്നു ഇത്രയും സംഖ്യ കൊടുക്കും.

ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : ഏത് കമ്പനിയിലാണ് ഇതിനുള്ള പ്രീമിയം അടയ്ക്കുന്നത് ? ഇത് സ്റ്റേറ്റ് ഗവൺമെൻറ് ഇൻഷ്വറൻസ് കമ്പനിയാണോ ? നാഷണലൈസ് ചെയ്ത ഏത് കമ്പനിയിലാണ് പ്രീമിയം അടയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഇപ്പോൾ നടപ്പിലാക്കുന്നത് യുണൈറ്റഡ് ഇൻഡ്യാ ലിമിറ്റഡാണ്.

ശ്രീ. വി. കെ. രാജൻ : ഇവിടെ മൽസ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് പദ്ധതിയെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതു കേട്ടപ്പോൾ ഞാൻ വിചാരിച്ചു എല്ലാ മൽസ്യത്തൊഴിലാളികൾക്കും ഈ ഇൻഷ്വറൻസ് പ്രാവർത്തികമാക്കുമെന്ന്. ഇടതുപക്ഷജനാധിപത്യ ഗവൺമെൻറിന്റെ കാലത്ത് വെൽഫെയർ കോർപ്പറേഷൻ മുഖാന്തിരം മൽസ്യത്തൊഴിലാളികൾക്ക് അപകടം നേരിടുമ്പോഴോ, വഞ്ചി തുടങ്ങി മറ്റ് ഉപകരണങ്ങൾക്കും കേടുപാടുകൾ വരുമ്പോഴോ കൊടുക്കുന്ന ആനുകൂല്യങ്ങളല്ലാതെ ഇപ്പോഴത്തെ ഈ സ്കീമിൽ മറ്റൊന്നുമില്ല. അതുകൊണ്ട് മരിച്ചാൽ മാത്രമല്ല—എല്ലാ മൽസ്യത്തൊഴിലാളികൾക്കും ഈ ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ഇപ്പോൾ നേരത്തേ ഉണ്ടായിരുന്ന സംഖ്യയേക്കാൾ കൂടുതൽ സംഖ്യ കിട്ടുന്നുണ്ട്. നേരത്തേ മൽസ്യബന്ധനത്തിന് പോയി മരിച്ചാൽ മാത്രമേ കിട്ടുകയുള്ളൂ. ഇപ്പോൾ അല്ലാതെയും കിട്ടും.

ശ്രീ. വി. ദിനകരൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞ അവസരത്തിൽ മൽസ്യവിതരണ തൊഴിലാളികൾക്ക് ഈ ആനുകൂല്യമില്ല എന്ന് പറഞ്ഞു. ഇന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചിരിക്കുന്ന അസംഘടിതമേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയിൽ പ്രതിമാസം പത്ത് രൂപ വച്ച് നാല്പതുവർഷം കഴിയുമ്പോൾ അൻപതിനായിരം രൂപ കൊടുക്കുന്ന ഒരു സ്കീം ഉണ്ട്. ആ പദ്ധതിയിൽ മൽസ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന മൽസ്യവിതരണ തൊഴിലാളികൾ, മൽസ്യ സംസ്കരണ—മൽസ്യ വിപണനതൊഴിലാളികൾ എന്നിവർക്കുകൂടി ബാധകമാക്കത്തക്കവിധത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മറ്റൊരു ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള പദ്ധതികളും ഉള്ളതുകൊണ്ട് മറ്റ് തൊഴിലാളികൾക്ക് പ്രഖ്യാപിച്ചത് ഇവർക്ക് കൊടുക്കണമെന്ന് തോന്നുന്നില്ല.

ശ്രീ. വി. ദിനകരൻ : എന്റെ ചോദ്യം അതല്ല, മൽസ്യ സംസ്ക്കരണ വിപണനമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ അസംഘടിത തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളുടെ പരിധിയിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ ? മൽസ്യവ്യവസായത്തിലേർപ്പെട്ടിരിക്കുന്ന മൽസ്യ വിതരണം, സംസ്ക്കരണം, വിപണനം എന്നീ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക്—ബാർബർമാർക്കും തയ്യൽതൊഴിലാളികൾക്കും ഏർപ്പെടുത്തിയിരിക്കുന്ന ആനുകൂല്യങ്ങളുടെ പരിധിയിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : മൽസ്യത്തൊഴിലാളികളുടെ കാര്യം ആദ്യം പറഞ്ഞു. അവരുടെ കുടുംബങ്ങളും ഈ ജോലി ചെയ്യുന്നുവെങ്കിൽ മാത്രമേയുള്ളു, അല്ലാത്തവരെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : ഇവിടെ മൂന്നു കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് അനുവദിക്കുകയെന്നു പറഞ്ഞു. ഗ്രൂപ്പായി പോകുമ്പോൾ ഒരാൾ മരിക്കുകയും ഉപകരണങ്ങൾ പൂർണ്ണമായും നഷ്ടപ്പെട്ടുപോകുകയും ചെയ്യാറുണ്ട്. ഉദാ : വള്ളം, വല. അത്തരത്തിലുള്ള ആളുകൾക്കുകൂടി ഈ സഹായം കൊടുക്കാൻതക്ക ഭേദഗതി വരുത്തുമോ ?

ശ്രീ. കെ. കരുണാകരൻ : അക്കാര്യം ഇപ്പോൾ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. വെൽഫയർ പദ്ധതിയിൽ ആണ്. അതിനുള്ള സംവിധാനമുള്ളത്.

ശ്രീ. എം. എം. ഹസ്സൻ : മരിച്ചുപോയവർക്ക് നൽകുന്ന തുകയുമായി തട്ടിച്ചുനോക്കുമ്പോൾ അംഗവൈകല്യം സംഭവിച്ച് പിന്നീട് തൊഴിൽ ചെയ്യാൻ കഴിയാത്തവർക്ക് 7,500 രൂപ നൽകുമെന്നാണ് മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. ആ തുക മൽസ്യബന്ധനം നടത്താതെ മറ്റേതെങ്കിലും രൂപത്തിൽ ഉപജീവനം നടത്താൻ നിർബന്ധിതരായവർക്ക് അപര്യാപ്തമായെന്നു മനസ്സിലാക്കി ആ തുക വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ആ പദ്ധതി ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്, കാലാകാലങ്ങളിൽ അതിന് മാറ്റം വരുമ്പോൾ ആ സംഖ്യയും വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : മത്സ്യത്തൊഴിലാളികളുടെ നിർവ്വചനം മത്സ്യതൊഴിലാളി വെൽഫയർ ഫണ്ടിലും, തൊഴിലാളികളുടെ മറ്റ് നിയമത്തിലും കടലിൽ പോയി ജോലിചെയ്യുന്നവർ, മത്സ്യം വിതരണം ചെയ്യുന്നവർ, മത്സ്യം കച്ചവടം നടത്തുന്നവർ എന്നീ വിധത്തിലാണ്. ഇവർ ഗ്രാമസംഘത്തിൽപ്പെടുന്നവരുമാണ്. ഇതിൽ എത്ര മത്സ്യത്തൊഴിലാളികളുണ്ടെന്ന്—മറ്റുള്ളവരെ ചേർക്കാതെ—എങ്ങനെ കണ്ടുപിടിച്ചു ?

ശ്രീ. കെ. കരുണാകരൻ : ഉദ്ദേശം ഒരു ലക്ഷത്തി അറുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി അറുപത്തിയേഴ് എന്നാണ് കണക്കാക്കിയിട്ടുള്ളത്.

ശ്രീ. റ്റി. വി. വിജയരാജൻ : കടലിൽപോയി മത്സ്യം പിടിക്കുന്ന തൊഴിലാളികളെ മാത്രമാണ് ഇപ്പോൾ മത്സ്യത്തൊഴിലാളികളായി കണക്കുകൂട്ടുന്നത്. വേമ്പനാട്ടു കായൽ മുതൽ ഇങ്ങോട്ട് കായലുകളിൽ ജോലിചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

വളരെയധികം മത്സ്യത്തൊഴിലാളികളുണ്ട്. അവരെക്കൂടി ഈ മത്സ്യത്തൊഴിലാളികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി ഈ ആനുകൂല്യങ്ങൾ കൊടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : അത് എക്സ്റ്റൻറ് ചെയ്യുന്ന കാര്യം ഗവൺമെൻറ് പരിശോധിക്കാം.

ശ്രീ. ഇ. കെ. നായനാർ : ശ്രീമതി ഗൗരി ചോദിച്ച ചോദ്യത്തിന് ശരിയായിട്ടുള്ള മറുപടിയല്ല നല്കിയത്. സാധാരണയല്ല, മാറ് വിപണന രംഗത്തുകൂടി ഇവരുടെകൂടെ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ നമ്പർ എത്രയെന്നല്ല ചോദിച്ചത് ? അവർക്കും ഈ ആനുകൂല്യം കൊടുക്കുന്നുണ്ടോ ? അങ്ങനെ കൊടുക്കുന്നുണ്ടെങ്കിൽ ആകെ എത്ര കൊടുക്കുന്നു എന്നാണ് ചോദിച്ചത്. മുഖ്യമന്ത്രി പറഞ്ഞത് ടോട്ടലാണ്.

ശ്രീ. കെ. കരുണാകരൻ : മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കല്ലാതെ വ്യാപരിക്കുന്ന ആളുകൾക്ക് കൊടുക്കുന്നില്ല എന്നാണ് പറഞ്ഞത്.

ശ്രീ. ബേബിജോൺ : ഈ സ്കീമിന് സമഗ്ര ഇൻഷ്വറൻസ് പദ്ധതി എന്നാണ് പറഞ്ഞത്. മുഖ്യമന്ത്രി ഇവിടെ പറഞ്ഞതിൽനിന്ന് ഇത് അപകട മരണം സംഭവിക്കുന്നവർക്കുമാത്രം ലഭിക്കുന്ന ആനുകൂല്യമായിട്ടാണ് മനസ്സിലാകുന്നത്. പത്ത് വയസ്സ് മുതൽ 60 വയസ്സുവരെ ഉള്ളവർക്കാണ് ഈ ആനുകൂല്യമെന്ന് പറഞ്ഞുകേൾക്കുന്നു. ഇതിൽ രണ്ടു കാര്യങ്ങളുണ്ട്, അപകടമരണം മാത്രമല്ല, നേരത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് ഒരു സ്കീം ഉണ്ടായിരുന്നു. ഇത് പ്രചരണത്തിനു വേണ്ടി പറയുന്നതല്ല. അത് ഒരു ലൈഫ് ഇൻഷ്വറൻസായിരുന്നു. അപകട മരണം അല്ലാതെ സാധാരണഗതിയിലുള്ള മരണം സംഭവിക്കുമ്പോഴും ആനുകൂല്യം കിട്ടാനുള്ള സ്കീം അന്നുണ്ടായിരുന്നു. ഇപ്പോഴത്തെ സ്കീമിൽ അതുണ്ടോ ? അതുപോലെതന്നെ പത്തുവയസ്സുള്ള കുട്ടികളെ സ്കൂളിൽ അയയ്ക്കാനും പഠിപ്പിക്കാനും ഉള്ള സംവിധാനം ഗവൺമെൻറ് ആസൂത്രണം ചെയ്യുന്നതിനു പകരം പത്തുവയസ്സുള്ള കുട്ടികളെ കടലിൽ പോകാൻ അനുവദിക്കുന്നു. ഈ തീരുമാനം അത്ര ആശാസ്യമായിരിക്കുകയില്ല. ഗവൺമെൻറ് അക്കാര്യത്തെക്കുറിച്ച് ആലോചിക്കണം. ഈ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള മാറ് നടപടികളും ഇതിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ഈ സ്കീം പ്രകാരം കുട്ടികളും മത്സ്യം പിടിക്കാൻ പോകണമെന്നില്ല. എടുത്ത കണക്കുപ്രകാരം മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളെ ഒക്കെ അംഗങ്ങളായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഇവർക്കൊക്കെ ഇത് ബാധകമാക്കിയിരിക്കുകയാണ്. അപകട മരണം എന്നു പറഞ്ഞതുകൊണ്ട് മത്സ്യബന്ധനം നടത്തുമ്പോൾ മാത്രമുള്ള അപകടമരണമല്ല. മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികളെ സഹായിക്കാൻ കുടുംബങ്ങളിലെ ചെറുപ്പമുള്ള ആളുകളും പോകാറുണ്ട്. അത് തൊഴിലിൻറെ ഭാഗമല്ല. അച്ഛൻ, അമ്മാവൻ, ജ്യേഷ്ഠൻ മുതലായവരെ സഹായിക്കാൻ വേണ്ടി ചെറുപ്പക്കാർ പോകുന്നുണ്ട്. അങ്ങനെയുള്ളവർക്ക് അപകടം സംഭവിച്ചാൽപോലും കൊടുക്കാനാണ് വ്യവസ്ഥയുള്ളത്.

ശ്രീ. എ. കെ. ശശീന്ദ്രൻ : മൽസ്യത്തൊഴിലാളികൾക്ക് സമഗ്രമായ ഇൻഷ്വറൻസ് പദ്ധതി എന്നാണ് ഗവൺമെൻറ് ഇതിനെ വിളിച്ചിരിക്കുന്നത്. സാധാരണ ഇൻഷ്വറൻസ് പദ്ധതി എന്നു പറഞ്ഞാൽ തൊഴിലാളിയോ ആരെങ്കിലും പ്രീമിയം അടച്ചുകഴിഞ്ഞാൽ, അതിൻറെ കാലാവധി അവസാനിച്ചാൽ ഒരു നിശ്ചിത സംഖ്യ ഇൻഷ്വറൻസ് സ്കീമിൽ കൂടുന്ന ആളുകൾക്ക് കിട്ടും.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സർക്കാരിലും മറ്റ് ഏജൻസികളിലും രൂപ നിക്ഷേപിക്കുന്നതുമൂലം ആ പദ്ധതിയുടെ കാലാവധി പൂർത്തിയായാൽ, പ്രീമിയത്തിന്റെ കാലാവധി പൂർത്തിയായാൽ, സംഖ്യ ലഭിക്കാൻ മാത്രമുള്ള വ്യവസ്ഥകളും ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ആ നിലയിൽ ഈ പദ്ധതിയെ ഭേദപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. എൻ. ശങ്കരൻ നാടാർ : അപകടമരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് ഒരാഴ്ചയ്ക്കുള്ളിലോ രണ്ടാഴ്ചയ്ക്കുള്ളിലോ ഇപ്പോൾ ഒരു നിശ്ചിത സമയത്തിനുള്ളിൽ തന്നെ രൂപ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ഇൻഷ്വറൻസ് പദ്ധതി മുഖേന വിതരണം ചെയ്യുമ്പോൾ സ്വാഭാവികമായും കാലതാമസം ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. അത് ഒഴിവാക്കുന്നതിനുവേണ്ടി, മരണം സംഭവിച്ചാൽ ഇത്രദിവസത്തിനകം നടപടി ക്രമങ്ങൾ പൂർത്തിയാക്കി തുക വിതരണം നടത്തണം എന്നുകൂടി നിർദ്ദേശം നൽകുമോ ?

ശ്രീ. കെ. കരുണാകരൻ : ഉത്തരം നേരത്തെ പറഞ്ഞു. ഏതെങ്കിലും കാരണവശാൽ ഇൻഷ്വറൻസിൽനിന്ന് പണം കിട്ടാൻ വൈകിയാൽ ഗവൺമെന്റ് ഫണ്ടിൽനിന്നും പണം കൊടുത്തിട്ട് പിന്നീട് അത് ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ഈടാക്കാനുള്ള സംവിധാനമാണ് ഇപ്പോഴുള്ളത്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഈ പദ്ധതിയുടെ പേര് സമഗ്ര ഇൻഷ്വറൻസ് പദ്ധതിയെന്നാണ്. ഇവിടെ പറഞ്ഞത് കടലിൽ പോയി മീൻ പിടിക്കുന്നതിനിടയ്ക്ക് മരണമടയുകയോ അല്ലെങ്കിൽ പിന്നീട് ജോലി ചെയ്യാൻ കഴിയാതാകുകയോ ചെയ്താൽ മാത്രമേ ആനുകൂല്യം കിട്ടുകയുള്ളൂ എന്നാണ്. ഈ പദ്ധതിയുടെ ആശയംവച്ചു നോക്കിയാൽ മത്സ്യത്തൊഴിലാളിയായ ആളുകൾ അപകടത്തിൽപ്പെടാതെ തന്നെ മറ്റ് കാരണങ്ങളാൽ പണിയെടുക്കാൻ കഴിയാത്തവിധത്തിൽ സ്ഥിരമായി രോഗിയായിത്തീർന്നാൽ ഈ പദ്ധതിയുടെ ആനുകൂല്യം നിക്ഷേധിക്കുന്നതിന് എന്തെങ്കിലും ന്യായീകരണമുണ്ടോ ? സ്ഥിരമായി രോഗിയായിത്തീരുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ഇത് മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്കു മാത്രമേ ബാധകമാകുകയുള്ളൂ എന്നു പറഞ്ഞു. ഇപ്പോൾ അതാണുള്ളതെന്ന് വളരെ ക്ലിയറായിട്ട് പറഞ്ഞു. ഇത് എക്സ്റ്റെൻഡ് ചെയ്യുന്ന കാര്യം പരിഗണിക്കാം എന്നു പറഞ്ഞു.

ശ്രീ. എ. വി. താമരാക്ഷൻ : ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാന ഗവൺമെന്റ് പ്രീമിയമായി ഏഴു ലക്ഷത്തിൽപരം രൂപയും അത്രയും തന്നെ തുക കേന്ദ്രഗവൺമെന്റും അടയ്ക്കുന്നു എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. ഈ പദ്ധതിയനുസരിച്ച് അപകടമരണം ഉണ്ടായെങ്കിൽ മാത്രമേ ഈ ആനുകൂല്യം കിട്ടുകയുള്ളൂ. ആ നിലയിൽ ഒരു വർഷം നാലു ലക്ഷം രൂപ പോലും കൊടുക്കേണ്ടി വരുകയില്ല എന്നുള്ളതുകൊണ്ട് ഈ പദ്ധതി ഒരു തട്ടിപ്പാണ്. ഇത് തൊഴിലാളികൾക്ക് ഗുണകരമല്ലെന്നുള്ളത് കണക്കിലെടുത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക്, ജോലി കഴിഞ്ഞാലും, ജോലി ചെയ്യാൻ പ്രാപ്തിയില്ലാതെയുള്ള അവസരത്തിൽപോലും കിട്ടത്തക്കവിധത്തിൽ സമഗ്രമായ ഒരു പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇൻഷ്വറൻസ് സ്കീം കൂടാതെതന്നെ മത്സ്യത്തൊഴിലാളി ക്ഷേമ നിധിയുള്ളതുകൊണ്ട് അവർക്ക് ഇതുപോലുള്ള കാര്യങ്ങൾക്ക് സഹായം ചെയ്യാൻ ഇന്നത്തെ നിലയിൽ വ്യവസ്ഥയുണ്ട്. അതുകൊണ്ട് ഇൻഷ്വറൻസ് തന്നെ വേണമെന്നില്ല.

സംസ്ഥാനത്തിന്റെ ഏഴാം പദ്ധതിക്കുള്ള കേന്ദ്ര വിഹിതം

* 2 (2) ശ്രീ. കെ. പി. അരവിന്ദാക്ഷൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, കെ. ആർ. ചന്ദ്രമോഹനൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഏഴാം പദ്ധതിയിലേക്ക് കേന്ദ്രവിഹിതമായി അംഗീകരിക്കപ്പെട്ട തുകയെത്ര ;

(ബി) പ്രസ്തുത പദ്ധതി വിഹിതത്തിലേക്ക് 1985-86-ലും, 1986-87 സെപ്റ്റംബർ വരേയും കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ച സംഖ്യ എത്ര ;

(സി) ആറാം പദ്ധതിയുടെ 'സ്പിൽ ഓവർ പ്ലാൻ' എന്നതിലുപരിയായി 7-ാം പദ്ധതിയുടെ ഒന്നും രണ്ടും വർഷങ്ങളിൽ വികസന പ്രവർത്തനങ്ങൾക്ക് 31-8-1986 വരെ ഗവൺമെന്റ് ചെലവാക്കിയ തുക എത്ര ;

(ഡി) ഇതിൽ കേന്ദ്ര സഹായമെത്ര ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) 1140.51 കോടി രൂപ

(ബി) 1985-86-ൽ 274.41 കോടി രൂപയും 1986-87 സെപ്റ്റംബർ വരെ 117.2 കോടി രൂപയും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചു.

(സി) ഏഴാം പദ്ധതിയുടെ ഒന്നാം വർഷത്തിൽ (1985-86-ൽ) 169 കോടി രൂപ ചെലവാക്കി. 1986-87-ൽ ചെലവാക്കിയ തുകയുടെ കണക്ക് ഇപ്പോൾ ലഭ്യമല്ല.

(ഡി) സ്പിൽഓവർ, സ്പിൽഓവർ അല്ലാത്തവ എന്നീ രീതിയിൽ തരംതിരിച്ചില്ല. മറിച്ച് മൊത്തം പദ്ധതികൾക്കാണ് കേന്ദ്ര സഹായം ഓരോ വർഷവും ലഭിക്കുന്നത്. അതിനാൽ സ്പിൽഓവർ പദ്ധതികൾക്കു പരിയായിട്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് കിട്ടിയ കേന്ദ്ര സഹായം വേർതിരിച്ച് കണക്കാക്കുവാൻ സാധിക്കുകയില്ല.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : ഉപചോദ്യം ചോദിക്കുന്നതിനു മുൻപ് ചട്ടം അനുസരിച്ച് ആറാം പദ്ധതിയുടെ സ്പിൽഓവറിനു ചെലവാക്കിയത് എത്ര ; ബാക്കി എത്ര എന്ന് ചോദ്യം ചോദിച്ചാൽ അത് കണക്കാക്കിയില്ല എന്നു പറഞ്ഞാൽ പോര, കൃത്യമായിട്ട് ഒരു മറുപടി തരണം. ഈ ചോദ്യം ചട്ടമനുസരിച്ച് ചോദിച്ചിട്ടുള്ളതും ഗവൺമെന്റ് അതിനു മറുപടി പറയാൻ ബാദ്ധ്യസ്ഥമായിട്ടുള്ളതുമാണ്. അത് പറയുന്നില്ലെങ്കിൽ പിന്നെ ഉപചോദ്യം എന്തിനാണ്.

LIBRARY ARCHIVES Kerala Legislative Assembly